# കേരളത്തിൽ പെൺകുട്ടികൾ കുറയുന്നു; ഭ്രൂണഹത്യയെന്ന് റിപ്പോർട്ട്

**സുനിൽ.സി.എൻ**

കേരളത്തിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് ഭ്രൂണഹത്യമൂലമാണെന്ന് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിൽ സൂചനകൾ. കേരള ആരോഗ്യവകുപ്പിന്റെ മാസ് മീഡിയ വിഭാഗം പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് കേരളത്തിൽ പെൺഭ്രൂണഹത്യ വർദ്ധിച്ചതായി പരാമർശമുള്ളത്.

2001ലെ സെൻസസ് പ്രകാരം കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ പെൺകുട്ടികളുടെ എണ്ണം ആനുപാതികമായി കുറയുകയാണ്. നിലവിലുള്ള ജനസംഖ്യയിൽ 90,1291 സ്ത്രീകൾ കൂടുതലാണെങ്കിലും ആറ് വയസ്സുവരെയുള്ളവരിൽ 69,760 പെൺകുട്ടികൾ കുറവായിട്ടാണ് വെളിപ്പെട്ടത്. ആറ് വയസ്സിന് താഴെ പ്രായമുള്ളവരിലാണ് ഈ വ്യത്യാസം എന്നതിനാൽ 1995ന് ശേഷമാണ് മാറ്റം പ്രകടമായിട്ടുള്ളത് എന്നു വ്യക്തം. കേരളത്തിലെ മുഴുവൻ ജില്ലകളിലും ഈ പ്രായത്തിലുള്ള പെൺകുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ടെന്ന് സെൻസസ് രേഖകൾ സൂചിപ്പിക്കുന്നു.



ഞെട്ടിപ്പിക്കുന്ന ഈ കണക്കുകളുടെ പശ്ചാത്തലത്തിലാണ് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് പ്രസക്തമാകുന്നത്. കേരളത്തിലും ഭ്രൂണപരിശോധനക്ക് നിയന്ത്രണം വരുത്തുന്ന നടപടികൾക്ക് തുടക്കം കുറിച്ചതായുള്ള പ്രഖ്യാപനം ഖ്യാതി നൽകുന്നതാണോ എന്ന് ആലോചിക്കണമെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരുന്നു എന്നതിന്റെ വ്യംഗ്യാർത്ഥം സാങ്കേതികസൗകര്യങ്ങളുടെ ദുരുപയോഗവും പെൺഭ്രൂണഹത്യയും കേരളത്തിലും ഏറിവരുന്നുവെന്നു തന്നെയാകണമെന്ന് റിപ്പോർട്ടു പറയുന്നു.

പെൺകുഞ്ഞിനെ പിറന്നുവീണയുടൻ നിഷ്ഠുരമായി കൊലചെയ്യുന്ന രീതി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. വായിൽ നെൻമണിയിട്ട് ശ്വാസംമുട്ടിച്ച് പെൺകുഞ്ഞിനെ കൊല്ലുന്ന രീതി തമിഴ്നാട്ടിൽ നിലനിൽക്കുന്നതായി വെളിപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നെല്ലാം ഏറെ വ്യത്യസ്തമാണെങ്കിലും കേരളത്തിന്റെ സ്ഥിതി പൂർണ്ണമായും ആശാവഹമല്ല എന്നാണ് സൂചനകൾ.

വ്യാപകമായി മുളച്ചുപൊന്തുന്ന സ്കാനിങ് സെന്ററുകളിൽ ലിംഗനിർണ്ണയവും തുടർന്നുള്ള ഗർഭച്ഛിദ്രവും സ്ഥിരമായി നടന്നുവരുന്നതായി മുമ്പതന്നെ റിപ്പോർട്ടുകളുണ്ടായിരുന്നു. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, കൗൺസിലിംഗ് സെന്ററുകൾ, ഡോക്ടർമാരുടെ സ്വകാര്യ പരിശോധനാകേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് സ്കാനിങ് സൗ

(ശേഷം 5ാം പേജിൽ)

**കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം**

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| കേരളത്തിലെ ജനസംഖ്യ | 1861669 | 1791909 | 3653578 |
| 0-6 വയസ്സ് | 15468664 | 16369955 | 31838619 |

മൊത്തം ജനസംഖ്യയിൽ സ്ത്രീകൾ - 90,1291 കൂടുതൽ
0-6 വയസ്സുള്ളവരിൽ പെൺകുട്ടികൾ - 69,760 കുറവ്

Source: Census Report 2001(provisional)

# പെൺകുട്ടികൾ കുറയുന്നു

(ഒന്നാം പേജ് തുടർച്ച)

കര്യങ്ങളുള്ളത്.

മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെയുള്ള ലിംഗനിർണ്ണയപരിശോധനകൾ മൂന്നുവർഷം വരെ തടവും പതിനായിരം രൂപ വരെ പിഴയും ഈടാക്കാവുന്നതാണെന്നാണ് നിയമം. ജനിതകപരിശോധനാസംബന്ധിയായി ഒരു തരത്തിലുള്ള പരസ്യവും പ്രസിദ്ധപ്പെടുത്തരുതെന്നും പരിശോധന നടത്തുകയാണെങ്കിൽ ഗർഭിണിയോടോ ബന്ധുക്കളോടോ വാക്കോ ചിഹ്നമോ മറ്റു മാർഗ്ഗമോ ഉപയോഗിച്ച് ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം വെളിപ്പെടുത്തരുതെന്നും നിയമം അനുശാസിക്കുന്നു. മുഴുവൻ സ്കാനിങ്ങ് സെന്ററുകളും ജില്ലാ മെഡിക്കൽ ഓഫീസിൽ റജിസ്റ്റർ ചെയ്യണമെന്നും ഉത്തരവുണ്ട്.

എന്നാൽ അൾട്രാസോണോഗ്രാഫി, ആംനിയോസിന്റസിസ് എന്നീ പരിശോധനാരീതികളിലൂടെ നിയമവിരുദ്ധമായി ലിംഗനിർണ്ണയം നടത്തുന്നതായാണ് സൂചനകൾ. ഗർഭത്തിൽ വളരുന്ന കുട്ടി പെണ്ണാണെന്ന് തിരിച്ചറിഞ്ഞാൽ ഉടൻ നശിപ്പിക്കാൻ ചിലരെങ്കിലും തയ്യാറായതോടെ ഭ്രൂണഹത്യ ഒരു ബിസിനസ്സായി മാറുകയായിരുന്നു. എന്നാൽ കുട്ടി ആണോ പെണ്ണോ എന്ന് തങ്ങൾ വെളിപ്പെടുത്താറില്ല എന്നാണ് സ്കാനിങ്ങ് നടത്തുന്ന ഡോക്ടർമാർ പറയുന്നത്. സ്കാനിങ്ങ് നടത്തുന്ന ക്ലിനിക്കുകളും ഇതുതന്നെ ആണയിടുന്നു. ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിനെക്കുറിച്ച് മൗനം പാലിക്കുകയാണ് സ്കാനിങ്ങ് സെന്ററുകൾ.

അതിനിടെ, കേരളത്തിൽ പെൺഭ്രൂണഹത്യ വ്യാപകമാണെന്ന വാദത്തിൽ കഴമ്പില്ലെന്ന പ്രസ്താവനയുമായി ആരോഗ്യവകുപ്പ് ഡയറക്ടർ രംഗത്തെത്തിയത് ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ കുറവ് പഠനാർഹമായ വിഷയമാണെങ്കിലും ഇതു സംബന്ധിച്ച് ആധികാരികമായ പഠനം നടത്തിയിട്ടില്ലെന്ന് ഡയറക്ടറുടെ പ്രസ്താവനയിൽ പറയുന്നു.